പുതിയ അങ്കണവാടികൾ

303(1682) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തിക്കര ഐ.സി.ഡി.എസ്. ഓഫീസിന്റെ പരിധിയിൽ പുതുതായി എത്ര അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചുവെന്നും ആയത് ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ബി) അങ്കണവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത ഐ.സി.ഡി.എസ്. ഓഫീസിന്റെ പരിധിയിൽ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിൽ സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) 31 അങ്കണവാടികൾ പുതുതായി നിർമ്മിച്ചിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

പഞ്ചായത്ത്	സെന്റർ നമ്പർ
ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്	4,21, 3, 2
ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്	40, 51, 56, 42, 43
ചിറക്കര ഗ്രാമപഞ്ചായത്ത്	118, 119, 116, 120, 128, 121
കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്	68, 93, 104, 95
പൂതക്കുളം ഗ്രാമപഞ്ചായത്ത്	137, 138, 150, 155, 153, 136, 145, 151, 154
പരവൂർ മുനിസിപ്പാലിറ്റി	165, 176, 157

(ബി) ഇത്തിക്കര ഐ.സി.ഡി.എസ്. പ്രോജക്ടിലെ സ്വന്തം കെട്ടിടമുള്ള എല്ലാ അംഗൻവാടികളിലും പഞ്ചായത്ത്തല Non Road maintenance fund ഉപയോഗിച്ച് അംഗൻവാടികൾക്ക് ചുറ്റുമതിൽ, ഫ്ലോറിംഗ്, കുടിവെള്ളം, വൈദ്യുതി, മുറ്റം തറയോട് പാകൽ, മേൽക്കൂര മാറ്റി നിർമ്മിക്കൽ, അംഗൻവാടി അറ്റകുറ്റപ്പണി തീർക്കൽ, ടോയ്ലെറ്റ് നിർമ്മിക്കൽ എന്നിവ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തിക്കര ഐ.സി.ഡി.എസ്. പ്രോജക്ടിൽ 193 അംഗൻവാടികളുണ്ട്. ഇതിൽ സ്വന്തമായി ഭൂമിയും കെട്ടിടവുമില്ലാത്ത 78 അംഗൻവാടികളുണ്ട്. ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ 55-ാം നമ്പർ അംഗൻവാടിക്ക് ഭൂമിയുണ്ട്. എന്നാൽ കെട്ടിടമില്ല.

ആശ്രയ-സങ്കേതം

304(1683) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥമന്ദിരങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽപ്പെട്ട കലയപുരം 'ആശ്രയ-സങ്കേത'ത്തിലെ അന്തേവാസികൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നൽകിയ ശിപാർശയിൽ (DSJ/0/682/15/dt 30-6-2015) സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 17-8-1964-ലെ ജി.ഒ.(എംഎസ്.)നമ്പർ 376/64/ഹോം ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള The Kerala Grant in Aid Rules for the payment of Boarding Grant to Orphanages & Boarding Homes for Destitute Children ലുളിലെ വ്യവസ്ഥകൾ പ്രകാരമാണ് അനാഥാലയങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. ഇത് സംബന്ധിച്ച വ്യവസ്ഥകൾ താഴെ കൊടുക്കുന്നു:

1. അനാഥാലയങ്ങളിൽ താമസിച്ച് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന 5 വയസ്സിനും 21 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്കാണ് അർഹത.

2. ഒരു അനാഥാലയത്തിലെ 75 ശതമാനം കുട്ടികളെങ്കിലും ഇപ്രകാരം സ്കൂളിൽ പോകുന്നവരായിരിക്കണം.

3. ഇപ്രകാരമുള്ള അനാഥാലയത്തിൽ ഓർഫനോ/ഡെസ്റ്റിറ്റ്യൂട്ടോ ആയ കുട്ടികളെ മാത്രമേ താമസിപ്പിക്കുവാൻ പാടുള്ളൂ.

4. സർക്കാർ നൽകുന്ന ഗ്രാന്റ് ബോർഡിംഗ് ചാർജ്ജിന് വേണ്ടി മാത്രമേ വിനിയോഗിക്കാവൂ. ഓരോ സ്ഥാപനത്തിലും മതിയായ താമസസൗകര്യം, ശുചീകരണ സൗകര്യങ്ങൾ തുടങ്ങിയവ ഉണ്ടായിരിക്കണം. സ്ഥാപനത്തിന്റെ ഭരണ നിർവ്വഹണം നടത്തുന്നതിന് ഓരോ സ്ഥാപനത്തിലും മാനേജരോ മാനേജിംഗ് കമ്മിറ്റിയോ ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly